കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താന്ന്യം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി2)1940/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

തീയതി: 14.11.2016
ഫോൺ-0487 2331249
ഇ.മെയിൽ-dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താന്ന്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താന്ന്യം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ് ആർ(പി2)1940/2016 തിയതി:14.11.2016

## തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 12.02.2016 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2015-16 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.16 മുതൽ 31.10.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി.എ.ശിവൻ. (ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.സീനത്ത്.പി.എ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |

| | |
|---|---|
| | |
| | ശ്രീമതി.മീര.ടി.<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ. കിരൺകുമാർ.വൈ. (സീനിയർ ഗ്രേഡ്ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. പ്രേമലത കുമാരൻ | 01.04.2015മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് സമിതി | 01.11.2015മുതൽ 18.11.2015 വരെ |
| പ്രസിഡണ്ട് | ശ്രീ.സി.പി.ജോസ് | 19.11.2015മുതൽ<br>31.03.2016വരെ |
| സെക്രട്ടറി | ശ്രീ. ബെന്നി ഡേവിസ്. | 01.04.2015മുതൽ 31.03.2016 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |
| തസ്തിക | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രഘു. വി.ബി. | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷിഓഫീസർ | ശ്രീമതി.അനിത.എം.കെ. | 01.04.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ധന്യ<br>ഭാഗ്യനാഥ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ശ്രീമതി.മിനി തമ്പി | 01.04.2015മുതൽ 01.06.2015FNവരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ശ്രീമതി.റജീന | 01.06.2015ANമുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | ഡോ.സഫ്ന | 01.04.2015 മുതൽ 03.07.2015 വരെ |
| | ഡോ.സുനന്ദ | 04.07.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ജെറി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| | | |
| വി.ഇ.ഒ. താന്ന്യം സർക്കിൾ | അനൂപ്.സി.എം. | 01.04.2015 മുതൽ 14.07.2015 വരെ |
| | ശ്രീമതി. ജ്യോതി.പി.പി. | 15.07.2015 മുതൽ 31.03.2016 വരെ |
| പ്രധാനാധ്യാപിക, ജി.എം.എൽ.പി.സ്കൂൾ പെരിങ്ങോട്ടുകര | രാധ.ടി.പി. | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ കിഴക്കുംമുറി സർക്കിൾ | ശ്രീമതി.ശ്രീദേവി.കെ.വി. | 01.04.2015 മുതൽ 14.07.2015 വരെ |
| | ശ്രീമതി.രശ്മി.പി.എസ്. | 15.07.2015മുതൽ 31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രബീന.ടി.എസ്. | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി. ഡി.എസ്. സൂപ്പർവൈസർ | ഗ്രെറ്റ കുര്യൻ | 1.04.2015മുതൽ 31.07.2015വരെ |
| | ശ്യാമള | 01.08.2015മുതൽ 22.12.2015വരെ |
| | ഗ്രെറ്റ കുര്യൻ | 23.12.2015.മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല. | 2-1 |
| 13 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. | 2-2 |
| ഭാഗം-3 | | |
| 14 | വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനം -അപാകതകൾ | 3-1 |
| 15 | ടാറിങ് ഉൾപ്പെടുത്താത്ത റോഡ് നിർമാണ പ്രവൃത്തികൾ | 3-2 |
| 16 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-3 |
| 17 | സർക്കാർ സ്കൂളിലേക്ക് അലമാര, പ്രസംഗപീഠം, ക്യാമറ -അപാകതകൾ | 3-4 |
| 18 | എസ്.എസ്.എ.വിഹിതം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-5 |
| 19 | പ്രവേശനോത്സവം,വിജ്ഞാനോത്സവം- മാർഗ്ഗരേഖക്ക് വിരുദ്ധം. | 3-6 |
| 20 | ഭവനപുനരുദ്ധാരണം എസ്.സി.പി.- പണി പൂർത്തീകരിച്ചിട്ടില്ല. | 3-7 |
| 21 | സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-8 |
| 22 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ – ലിസ്റ്റിലുൾപ്പെടാത്ത വ്യക്തിക്ക് നല്കി. | 3-9 |
| 23 | അംഗനവാടി വർക്കർമാർക്ക് ഹോണറേറിയം -അധിക തുക പിൻവലിച്ചു. | 3-10 |
| 24 | ഡെപ്പോസിറ്റ് പ്രവർത്തി – പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-11 |

| | | |
|---|---|---|
| 25 | IAY-ബ്ലോക്കിന് കൈമാറിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-12 |
| 26 | ആശ്രയ പദ്ധതി | 3-13 |
| ഭാഗം-4 | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | ഓഡിറ്റ് സർട്ടിഫിക്കേറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 28.03.2015 തിയ്യതിയിലെ 61/15-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് = 109483361

പ്രതീക്ഷിത ചെലവ് = 107218600

## 1-2 വാർഷികധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 31.07.2016 | 15.07.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27.10.16 | |

2015-16 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1)ആസ്തി രജിസ്റ്റർ തേയ്മാനവിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തി, ബാധ്യതവിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2)സ്റ്റോക്കിന്റെ മൂല്യം ആധികാരികമല്ല.
3)ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
4)വസ്തു നികുതി കുടിശ്ശിക രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 25803504.00 |
| വരവ് | 40449658.00 |
| ആകെ | 66253162.00 |
| ചെലവ് | 50939286.00 |
| നീക്കിബാക്കി | 15313876.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1948441 | 9235107 | 11183548 | 11183548 | 0 | - |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 5495467 | 7393625 | 12889092 | 12889092 | 0 | 4917362 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 385965 | 4645000 | 5030965 | 5030965 | 0 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 183672 | 1412424 | 1596096 | 1596096 | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 550310 | 5562619 | 6112929 | 6112929 | 0 | 2056815 |
| പെർഫോമൻസ് ഗ്രാന്റ് | 1838055 | 714342 | 2552397 | 2552397 | 0 | 1375142 |
| എം.എൻ.ആർ.ഇ.ജി.എസ്. | - | 10035630 | 10035630 | 10034620 | 1010 | - |
| ബി ഫണ്ട് | | 34054540 | 34054540 | 34054540 | 0 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 135 | 121 | 31013577 | 8 | 6 | 83.70 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം5.25ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7368011 | 4152339 | (-)3515672 | -47.7% |
| നികുതിയേതര വരവുകൾ | 171323 | 360394 | +189071 | 11.03 |
| മറ്റുവരവുകൾ | 415778 | 368871 | (-)46907 | -11.28 |
| ആകെ | 7955112 | 4881604 | (-)3543672 | -44.54 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 287640 | 177 |
| കർഷകതൊഴിലാളി പെൻഷൻ | 4981050 | 682 |
| വിധവാപെൻഷൻ | 10509200 | 1163 |
| വാർദ്ധക്യകാലപെൻഷൻ | 13923300 | 1749 |
| വികലാംഗപെൻഷൻ | 2422470 | 274 |
| അവിവാഹിത പെൻഷൻ | 1260880 | 138 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.16ൽ 3.30pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12451/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

i)രജിസ്റ്ററുകളുടെ പരിപാലനം

a)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

b)ആസ്തി രജിസ്റ്റർ, ഇൻകുമ്പൻസി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.8.2016 | 7/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-1-2003 to 22-1-2003 | 1997-98 to 2001-2002 | 26-6-2003 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

താഴെപറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല

2015-16 ഒന്നാം അർദ്ധവർഷം

| ക്രമനം | സ്ഥാപനങ്ങൾ |
|---|---|
| 1 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, പെരിങ്ങോട്ടുകര |
| 2 | അഹല്യ മണി എക്സ്ചേഞ്ച് ആന്റ് ഫിനാൻസ് സർവ്വീസ് പ്രൈ.ലിമിറ്റഡ്,പെരിങ്ങോട്ടുകര |
| 3 | മാവേലി സ്റ്റോർ കിഴിപ്പിള്ളിക്കര |
| 4 | കാത്തലിക് സിറിയൻ ബാങ്ക് പെരിങ്ങോട്ടുകര |
| 5 | മണപ്പുറം ഹെൽത്ത് കെയർ ലിമിറ്റഡ് പെരിങ്ങോട്ടുകര |
| 6 | പെരിങ്ങോട്ടുകര സർവീസ് സഹകരണ ബാങ്ക് |

2015-16 രണ്ടാം അർധവർഷം

| | |
|---|---|
| 1 | മാബെൻ നിധി ലിമിറ്റഡ്, പെരിങ്ങോട്ടുകര |
| 2 | മാവേലി സ്റ്റോർ പെരിങ്ങോട്ടുകര |
| 3 | വടക്കുംമുറി കുറീസ്, പ്രൈ.ലിമിറ്റഡ് |
| 4 | അഹല്യ മണി എക്സ്ചേഞ്ച് ആന്റ് ഫിനാൻഷ്യൽ സർവീസ്, പ്രൈ.ലിമിറ്റഡ് |
| 5 | മുത്തൂറ്റ് ഫിൻ കോർപ്പ്, ലിമിറ്റഡ് |

| | |
|---|---|
| 6 | കാത്തലിക് സിറിയൻ ബാങ്ക്, കിഴപ്പിള്ളിക്കര |
| 7 | കിഴിപ്പിള്ളിക്കര കുറീസ് പ്രൈ.ലിമിറ്റഡ് |
| 8 | കേരള ഖാദി &വില്ലേജ് ഇൻഡസ്ട്രീസ്, പ്രൊഡക്ഷൻ സെന്റർ,പെരിങ്ങോട്ടുകര |
| 9 | കനറാ ബാങ്ക് പ്രൈ.ലിമിറ്റഡ്, പെരിങ്ങോട്ടുകര |
| 10 | ഫെഡറൽ ബാങ്ക്, പെരിങ്ങോട്ടുകര |
| 11 | പെരിങ്ങോട്ടുകര സർവ്വീസ് സഹകരണ ബാങ്ക് |
| 12 | ഹോട്ടൽ പെരിങ്ങോട്ടുകര പാലസ് |
| 13 | താന്ന്യം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് |
| 14 | മണപ്പുറം ഹെൽത്ത് കെയർ ലിമിറ്റഡ് |
| 15 | രുഗ്മിണി ബ്രിക്സ്, പെരിങ്ങോട്ടുകര |
| 16 | നിത്യ ഇൻവെസ്റ്റ്മെന്റ്സ് ആന്റ് ലോൺസ് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

സർക്കാരിന്റെ 52/2003/ത.സ്വ.ഭ.വ തിയതി 22.02.03 ഉത്തരവ് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്തിന്റെ മറ്റ ഫണ്ടുകളിൽ നിന്ന് വേറിട്ട സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും 2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്. താന്ന്യം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ നിവസിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിന് സഹായകരമായ ദുരിതാശ്വാസനിധി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനം -അപാകതകൾ

1. സർക്കുലർ നമ്പർ 41/ 2008/ധനം.02/08/2008 പ്രകാരം വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധന ഉപഭോഗംസംബന്ധിച്ച മാസാന്ത്യ സംഷിപ്തം തയ്യാറാക്കുകയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. വാഹനത്തിന്റെ ഇന്ധനക്ഷമത സംബന്ധിച്ച് മോട്ടോർവാഹനവകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ടുള്ള പരിശോധന ഓഡിറ്റ് വർഷത്തിൽ നടത്തിയതായും കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-2 ടാറിങ് ഉൾച്ചെട്ടുത്താത്ത റോഡ് നിർമാണ പ്രവൃത്തികൾ

ഗ്രാമപഞ്ചായത്തിൽ തൻവർഷം ടാറിങ് ഉൾച്ചെട്ടുത്താത്ത താഴെ പറയുന്ന പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമനം. | പ്രവൃത്തി,പ്രൊജക്റ്റ് നം.അടങ്കൽ | ബിൽ നം./തിയ്യതി | ചെയ്ത പ്രവൃത്തി |
|---|---|---|---|
| 1 | ചെമ്മാപ്പിള്ളി ലക്ഷം വീട് കോളനി റോഡ് S0062/15,135000 | 42/21/3/16 114735 | 222.50 മീറ്റർ സോളിങ് |
| 2. | കുട്ടമ്പിള്ളി റോഡ്, S0043/16,400000 | 10/17/12/15 399061 | 124മീറ്റർ മെറ്റലിങ് |
| 3. | മഹാത്മാഗാന്ധി റോഡ് S0072/16,225000 | 47/23/3/16 289586 | 221.60മീറ്റർ സോളിങ് |
| 4. | പെരിങ്ങോട്ടുകര എച്ച്. എസ്. റോഡ്. S0086/16.500000 | 14/20/1/16 499869 | 299.60മീറ്റർ മെറ്റലിങ് |
| 5. | അമ്പലക്കടവ്-ബോട്ടുകടവ് റോഡ് S0035/16,475000 | 55/31/3/ 16,404195 | 260മീറ്റർ സോളിങ് |
| 6. | മനക്കലപ്പടി റോഡ്, S0076/15,300000 | 7/17/12/15 281833 | 189മീറ്റർ സോളിങ് |

മേൽ പറഞ്ഞ പ്രവർത്തികളിൽ ക്രമ നം.1 എം.പി.ഫണ്ട് ഉപയോഗിച്ച് ടാറിങ്ങ് പൂർത്തീകരിച്ചിട്ടുണ്ട്. ക്രമ നം.3,4,6 എന്നിവ 2016-17 വർഷം ടാറിങ്ങ് ഉൾപ്പെടുത്തിക്കൊണ്ട്

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ക്രമ നം.2,5 എന്നിവ സോളിങ്ങ് റോഡ് ആയി അവശേഷിക്കുന്നതുമാണ്.

സോളിങ് നടത്തി ഒരു മൺസൂൺ കാലം പിന്നിട്ട് മെറ്റലിങ് ടാറിങ് പ്രവൃത്തികൾ ഒരുമിച്ച് നടത്തുന്നതാണ് റോഡുകളുടെ കെട്ടുറപ്പിന് ഏറ്റവും നല്ലത്. സോളിങ് നടത്തി യഥാസമയം മെറ്റലിങ് ടാറിങ് പ്രവൃത്തികൾ നടത്താത്ത റോഡുകൾക്ക് എളുപ്പത്തിൽ കേടുപാടുകൾ സംഭവിക്കുന്നതും കൂടുതൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടി വരുന്നതുമാണ്. മെറ്റലിങിനൊപ്പം ടാറിങ് പ്രവൃത്തികൾ നടത്തിയില്ലെങ്കിലും ഇപ്രകാരം തന്നെ സംഭവിക്കുന്നതാണ്. റോഡുകളുടെ ടാറിങ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഒരു വർഷം കൊണ്ട് നടപ്പാക്കാൻ കഴിയാത്ത പക്ഷം അവ ദ്വിവർഷപ്രൊജക്ടായി ആവിഷ്കരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ നിർവ്വഹിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോ പ്രവൃത്തിയുടെയും കുറ്റമറ്റ രീതിയിലുള്ള നിർവഹണം നിർവ്വഹണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

എ) തൃപ്രയാർ സി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങൽ -ഡി.എം.ഒ.യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ
പ്രോജക്ക്റ്റ് - S0052/16പാലിയേറ്റീവ് കെയർ

ഫണ്ട് -വികസനഫണ്ട്.

ട്രഷറി ബിൽനം /തുക -1/11-2-2016 തുക75700

ജി.ഒ(എം.എസ്.)362/2013 ത.സ്വ .ഭ.വ.തീയതി.16-11-2013.

മാർഗരേഖ പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നവാങ്ങുന്നതിന് മുൻപ് ജില്ലാ മെഡിക്കൽഓഫീസറിൽ നിന്ന് നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പാലിയേറ്റീവ് കെയർ പദ്ധതിക്കുള്ള മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഗവ.മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിൽ നിന്നും വാങ്ങിയിട്ടുള്ളത്. മരുന്ന വാങ്ങാൻ 75700 രൂപയുടെ ചെക്ക് നൽകിയിട്ടുണ്ടെങ്കിലും (ചെക്ക്നം 829703/15-2-16) ആകെ 35933രൂപയുടെ മരുന്നാണ് ലഭ്യമാക്കിയിട്ടുള്ളത്. (ബിൽനം.126961/16-7-16, തുക-13518), (ബിൽനം.231273/1-8-16, തുക 1815) ബിൽനം.338849/28-8-16തുക 20600) കൂടാതെ 15-2-16ന നൽകിയ 75700 രൂപയുടെ ചെക്കിന് അഞ്ച് മാസങ്ങൾക്കുശേഷം 16-7-16ലാണ് ആദ്യഘട്ട മരുന്ന് ലഭ്യമാക്കിയത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) സി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങൽ

പ്രോജക്ക്റ്റ് - S0044/16

വികസനഫണ്ട്.

ബിൽ നം. 3/23.03.16. തുക75000/-

സി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങൽപദ്ധതി പ്രകാരം 75000/-രൂപ ഡിഡി നം.992783 dt.29.03.16.കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഗവ.മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നവാങ്ങുന്നതിന് മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. കൂടാതെ നാളിതു വരെ 44051/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. 30949 രൂപയുടെ മരുന്നകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 <u>സർക്കാർ സ്കൂളിലേക്ക് അലമാര,പ്രസംഗപീഠം,ക്യാമറ -അപാകതകൾ</u>

നിർവ്വഹണോദ്യോഗസ്ഥൻ -എച്ച്.എം.ജി.എം.എൽ.പി.എസ്. പെരിങ്ങോട്ടുകര.

ബിൽ നം.തി. 04/11.12.15. തുക 65880/-

പ്രോജക്റ്റ് നം. 149/16.

മേൽ പ്രോജക്റ്റ് പ്രകാരം സ്റ്റീൽ അലമാര (2), പടിയം, 1HP മോട്ടോർ, ഡിജിറ്റൽ ക്യാമറ എന്നിവ ക്വട്ടേഷൻ വിളിച്ചത് പ്രകാരം ജോൺസൺ ഒല്ലൂക്കാരൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഫിറ്റ് വെൽ കുരിയച്ചിറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.12/30.12.15). 2015-16 വർഷത്തേക്ക് ബാധകമായിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/ തസ്വഭവ. തീയതി 16.11.2013 പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ, തുടർസാക്ഷരത, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോജക്റ്റുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രോജക്റ്റുകൾ. എന്നാൽ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് വിരുദ്ധമായി ക്യാമറ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-5 <u>എസ്.എസ്.എ.വിഹിതം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്..</u>

നിർവ്വഹണോദ്യോഗസ്ഥൻ -എച്ച്.എം.ജി.എം.എൽ.പി.എസ്. പെരിങ്ങോട്ടുകര.

ബിൽ നം.തി. 02/26.09.15. തുക 300000/-

ബിൽ നം. തി. 03/26.09.15.തുക 123874/-

എസ്.എസ്.എ വിഹിതം ജനറൽ (പ്രോജക്റ്റ് നം.03/16) പദ്ധതി പ്രകാരം 300000/-രൂപയും(ഡിഡി നം. 731262/28.09.15), എസ്.എസ്.എ വിഹിതം എസ്.സി.പി (പ്രോജക്റ്റ് നം.(04/16)പദ്ധതി പ്രകാരം 123874/-രൂപയും എസ്.എസ്.എ. ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയതിൽ 2015-16 വർഷത്തേക്ക് ആകെ ചെലവഴിച്ച തുക കേന്ദ്രവിഹിതമടക്കം 711830/-രൂപയാണ്. ആകെ 35% മാത്രമാണ് പഞ്ചായത്ത് വിഹിതം അടവാക്കേണ്ടത്. ആയത്

പ്രകാരം അടവാക്കേണ്ട തുക 249141/- രൂപ മാത്രമാണ്. അടവാക്കിയ തുകയിൽ 174733/- രൂപ എസ്.എസ്.എയിൽ അവശേഷിക്കുന്നു. ടി തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്രവേശനോത്സവം, വിജ്ഞാനോത്സവം-മാർഗ്ഗരേഖക്ക് വിരുദ്ധം.

നിർവ്വഹണോദ്യോഗസ്ഥൻ -എച്ച്.എം.ജി.എം.എൽ.പി.എസ്. പെരിങ്ങോട്ടുകര.

ബിൽ നം.തി. 01/26.09.15. തുക 25000/-

പ്രോജക്റ്റ് നം.05/16.

പ്രവേശനോത്സവത്തിന് വേണ്ടി 1500/- രൂപ വീതം 2 എയ്ഡഡ് സ്കൂളുകളുകളടക്കം 5 സ്കൂളുകൾക്ക് 7500/-രൂപയും പഞ്ചായത്ത് തലത്തിൽ വിജ്ഞാനോത്സവം നടത്തുന്നതിന് 17500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2015-16 വർഷത്തേക്ക് ബാധകമായിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ. തീയതി 16.11.2013പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ, തുടർസാക്ഷരത, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രോജക്ടുകൾ. പദ്ധതി വിഹിതം ഉപയോഗിച്ച് മാർഗ്ഗരേഖയിൽ പറയാത്ത ചെലവുകൾ നടത്തിയതിനാലും , കുട്ടികളുടെ സർഗ്ഗാത്കശേഷി വർദ്ധിപ്പിക്കുന്ന പ്രോജക്ടുകൾ എസ്.എസ്.എ യുമായി സംയോജിച്ച് നടത്തണമെന്ന നിർദ്ദേശം പാലിക്കാതിരുന്നതിനാലും ചെലവഴിച്ച തുക 25000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഭവനപുനരുദ്ധാരണം എസ്.സി.പി.-പണി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി.

പ്രോജക്റ്റ് നം.39/16.

ബിൽ നം. തി. 15/16.01.16.

മേൽ പദ്ധതി പ്രകാരം ചന്ദ്രിക ബാലൻ, പനങ്ങാട്ടിൽ,കിഴുപ്പിള്ളിക്കര എന്ന ഗുണഭോക്താവിന് ഡിഡി നം.829139/19.01.16 പ്രകാരം 10000/-രൂപ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പണി പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം അടവാക്കിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-8 സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. 68/16.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

ബിൽ നം. തി.7/27.02.16.തുക-271997/-

അംഗനവാടി പോഷകാഹാര പദ്ധതി പ്രകാരം പെരിങ്ങോട്ടുകര സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നം. 15261/30.01.16 പ്രകാരം 66547/-രൂപയുടെ പോഷകാഹാര സാധനങ്ങൾ വാങ്ങി അംഗനവാടികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ അവ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച തുക ഓഡിറ്റിൽതടസ്സപ്പെടുത്തുന്നു.

## 3-9 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ -ലിസ്റ്റിലുൾപ്പെടാത്ത വ്യക്തിക്ക് നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

ബിൽ നം. തി.8/29.03.16.തുക-100000/-

പ്രോജക്റ്റ് നം. 70/16.

മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹാന്റികേപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.386-14/B3 /13/HPWC-16 dt.04.03.16 പ്രകാരം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ധന്യ.എം.ആർ.ചക്കിത്തറ, വടക്കുംമുറി എന്ന ഗുണഭോക്താവിന് 14000/- രൂപ വിലയുള്ള profound hearing aid(b/L). എന്നാൽ 10.02.16 -ൽ നടന്ന മെഡിക്കൽ ക്യാമ്പിൽ സെലക്ട് ചെയ്ത് ശുപാർശ ചെയ്തവരുടെ ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക 14000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 അംഗനവാടി വർക്കർമാർക്ക് ഹോണറേറിയം -അധിക തുക പിൻവലിച്ചു.

പ്രോജക്ട് നം.71/16.

ബിൽ നം. തി. 09/29.03.16 തുക 37700/-
നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

അംഗനവാടി ടീച്ചർമാരുടേയും ഹെൽപ്പർമാരുടേയും 10/15 മുതൽ 3/16 വരെയുള്ള കാലയളവിലെ ഹോണറേറിയം വിതരണം നടത്തുന്നതിന് 37700/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് പ്രകാരം 37550/-രൂപ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ഈയിനത്തിൽ 250/- രൂപ അധികം പിൻവലിച്ചിട്ടുണ്ട്. അധികം പിൻവലിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 ഡെപ്പോസിറ്റ് പ്രവർത്തി -പൂർത്തീകരണ വിവരങ്ങൾ

## ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ്-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (s0175/16)

ഫണ്ട് -13ാം ധനകാര്യകമ്മീഷൻ അവാർഡ്

ട്രഷറി ബിൽനം,തുക-33/14-3-16, 1,46463

ഡി.ഡി.നം-992352/16-3-16

K.S.E.B.കാട്ടൂർ, ഇരിങ്ങാലക്കുട സെക്ഷനുകളിലേക്ക് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി മേൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയായതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 146463/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 ഐ.എ.വൈ. -ബ്ളോക്കിന് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഐ.എ.വൈ. -ബ്ലോക്കിന് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ്-ഐ.എ.വൈ. (s0-180/16)

ഫണ്ട് -വികസന ഫണ്ട്

ട്രഷറി ബിൽനം, തുക-44/30-3-16, 25,50,000

ഡി.ഡി.നം-993298/2-4-16

2015-16 വർഷം പഞ്ചായത്തിൽ നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക ഐ.എ.വൈ പദ്ധതി പൂർത്തിയാക്കാനായി ബ്ലോക്കുകൾക്ക് കൈമാറുവാനായി സ.ഉ (സാധാ.) 1328/16തീ.26-3-16 പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽതുക അന്തിക്കാട് ബ്ലോക്കിന് കൈമാറിയിട്ടുണ്ട്. 1882500രൂപ വിനിയോഗിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. ശേഷിച്ച 667500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-13 ആശ്രയ പദ്ധതി -തുക കാര്യക്ഷമമായി വിനിയോഗിക്കേണ്ടതാണ്.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതികുടുംബങ്ങൾക്കു വേണ്ടി ആശ്രയപദ്ധതി തയ്യാറാക്കി നടപ്പിലാക്കുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ താന്ന്യം ഗ്രാമ പഞ്ചായത്തിൽ ആശ്രയപദ്ധതി തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതായി കാണുന്നില്ല. താന്ന്യം SCB A/C NO-5166ൽ വലിയ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു. പ്ലാൻഫണ്ടിൽ അവശേഷിക്കുന്ന 825000 രൂപ കാര്യക്ഷമമായി വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000/- | S068/16, ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 197575 | 2425 തിരിച്ചടച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 200000/- | S068/16, ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 197575 | 2425 തിരിച്ചടച്ചു. |
| ബ്ലോക്ക് പഞ്ചായത്ത് | 120000/- | S052/16 പെയിൻ & പാലിയേറ്റീവ് കെയർ | 120000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ലൈൻ എക്സ്റ്റൻഷൻ | 992352/16.03.16 | 146463 | | വിനിയോഗ വിവരം ലഭ്യമല്ല | |
| ഭൂഗർഭജല വകുപ്പ് | ചാമ്പ് പൈപ്പ് | 731032/31.08.15(10000)<br>992300/16.03.16(5864) | 15864 | 15864 | പൂർത്തിയായി | -- |
| കുടുംബശ്രീ | മീഡിയശ്രീ | 730735/17.08.15 | 65000 | - | വിനിയോഗ വിവരം ലഭ്യമല്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നവ

ഇല്ല.

## 4-4 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ്. | 278/10/ LSGD dt.27.01.10 | 6501013 | 3426013 | 600000 | - | 2826013 |

രജിസ്റ്റർ പ്രകാരം വായ്പ നീക്കിയിരിപ്പ് തുക 2826013 രൂപയും വാർഷിക കണക്ക് പ്രകാരം 2226013 രൂപയുമാണ്. വ്യതിയാനത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40449658.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50939286.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 250.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 919510.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | - | 250/- | ഗ്രെറ്റ കുര്യൻ ICDS സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 25000- | രാധ.ടി.പി (എച്ച്.എം.ജി. എം.എൽ.പി.എസ്) പെരിങ്ങോട്ടുകര |
| 3-8 | 66547 | ഗ്രെറ്റ കുര്യൻ,ICDS സൂപ്പർവൈസർ |

| | | |
|---|---|---|
| 3-9 | 14000 | ഗ്രെറ്റ കുര്യൻ,ICDS സൂപ്പർവൈസർ |
| 3-11 | 146463 | ബെന്നി ഡേവിസ്, സെക്രട്ടറി |
| 3-12 | 667500 | ബെന്നി ഡേവിസ്, സെക്രട്ടറി |
| | 919510 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗ്രെറ്റകുര്യൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പുഴക്കൽ ബ്ലോക്ക് | കല്ലേരി ഹൗസ് ചൊവ്വൂർ |

# 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1977-78 | എൽഎഫ്.ടി.എസ്. 1679/18.7.11/ 1.10.11 | 28 | |
| 1981-82 | എൽ.എഫ്.ടി.13- 1880/84/ 7.2.85 | 22 | |

| | | | |
|---|---|---|---|
| 1982-83 | എൽ.എഫ്.ടി.13-1317/87/ 12.8.87 | 13 | |
| 1983-84 | എൽ.എഫ്.ടി.13-923/88/1.7.88 | 10 | |
| 1984-85 | എൽ.എഫ്.ടി.13-142/89/ 18.9.89 | 11 | |
| 1985-86 | എൽ.എഫ്.ടി.13-2144/91/ 23.7.93 | 12 | |
| 1986-87,1987-88 | എൽ.എഫ്.ടി.13-1236/93/ 23.7.93 | | |
| 1988-89,1989-90 | എൽ.എഫ്.ടി.13-1490/93/ 16.2.94 | | |
| 1990-91 | എൽ.എഫ്.ടി.13-629/96/8.6.96 | | |
| 1991-92 | എൽ.എഫ്.ടി.13-1491/93/ 15.2.94 | | |
| 1992-93,1993-94 | എൽ.എഫ്.ടി.13-718/97/3.1.97 | 18 | |
| 1996-97 | എൽ.എഫ്.ടി.13-113/563/ 98/7.10.98 | | |
| 1997-98 | എൽ.എഫ്.ടി.15-28/98/5.6.99 | | |
| 1998-99 | എൽ.എഫ്.ടി.15-1624/00/ 14.9.00 | | |
| 1998-99 | എൽ.എഫ്.ടി.15-1785/01/ 3.9.02 | | |
| 1999-00 | എൽ.എഫ്.ടി.15-1822/01/ 31.10.02 | | |
| 2000-01 | എൽ.എഫ്.ടി.15-1748/02/ 4.9.03 | | |
| 2001-02 | എൽ.എഫ്.ടി.15-1734/03/ 9.6.04 | | |
| 2001-02 | എൽ.എഫ്.ടി.15-239/04/ 13.9.04 | | |
| 2002-03 | എൽ.എഫ്.ടി.15-352/06/ 12.3.07 | | |

| | | | |
|---|---|---|---|
| 2003-04 | എൽഎഫ്.ടി.11-<br>2614/08/ 25.5.10 | | |
| 2004-05 | എൽഎഫ്.ടി.11-<br>64/09/ 25.5.10 | | |
| 2005-06 | എൽഎഫ്.ടി.11-<br>29/10/ 29.1.10 | | |
| 2006-07 | എൽഎഫ്.ടി.11-<br>30/10/ 29.1.11/ 29.6.11 | | |
| 2007-08 | എൽഎഫ്.ടി.(പി2)<br>685/12/ 13.6.12 | | |
| 2008-09 | എൽഎഫ്.ടി.(പി2)<br>686/12/ 13.6.12 | | |
| 2009-10 | എൽഎഫ്.ടി.(പി2)<br>687/12/ 13.6.12 | | |
| 2010-11 | എൽഎഫ്.ടി.(പി2)<br>688/12/. 6.8.12 | | |
| 2011-12 | എൽഎഫ്.ടി.(പി2)-<br>910/13/ 3.12.13 | | |
| 2012-13 | എൽ.എഫ്.ടി.പി2-848/2014 | | |
| 2013-14<br>2014-15 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-370/16dt.29.03.16. | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

KSA-TSR(P2)1940/2016

Kerala State Audit Department

District Audit Office,

Thrissur- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 14.11.2016

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Thanniam Grama panchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there

under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Thanniam Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ.ടി.എസ്.ആർ(പി.2)1940/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി : 14.11.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള

പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ